LIBRARY ARCHIVES Kerala Legislative Assembly

(ഇ) കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച കേരളത്തിലെ കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങളുടെ സംരക്ഷണത്തിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ; വിശദമാക്കാമോ?

കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കുവാൻ തീരുമാനിച്ച സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ) എന്നിവയെ ഏറ്റെടുത്ത് പൊതുമേഖലയിൽത്തന്നെ നിലനിർത്തുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ ഏറ്റെടുക്കുന്നത് സംബന്ധിച്ച് നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിൽ എച്ച്.എൻ.എൽ.-നെ സംബന്ധിച്ച് NCLT, കൊച്ചി ബെഞ്ചിന്റെ വിധിപ്രകാരമുള്ള കോർപ്പറേറ്റ് ഇൻസോൾവൻസി റെസൊല്യൂഷൻ പ്ലാൻ പ്രകാരം 145.60 കോടി രൂപ കേരള സർക്കാർ നൽകി സ്ഥാപനത്തെ കിൻഫ്ര ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. കമ്പനിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന്റെ ഭാഗമായി സാങ്കേതിക സമിതി രൂപീകരിച്ച് നടപടികൾ പുരോഗമിക്കുന്നു. ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 51% ഓഹരികൾ സംസ്ഥാന സർക്കാരിന് കൈമാറുന്നതിനുള്ള അനുമതി കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുകയും എഗ്രിമെന്റ് ഒപ്പിടുകയും ചെയ്തു. സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനാവശ്യമായ വിശദമായ പദ്ധതി റിപ്പോർട്ട് എച്ച്.എം.റ്റി.-യുടെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

കെ.സി.സി.പി.എൽ. വൈവിദ്ധ്യവത്കരണം

103(3535) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡിന്റെ (കെ.സി.സി.പി.എൽ.) വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും പുതുതായി ഏതൊക്കെ യൂണിറ്റുകൾ തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിന്റെ (കെ.സി.സി.പി.എൽ.) വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സ്റ്റാർട്ടപ്പ് മിഷന്റെ സഹായത്തോടുകൂടി മാങ്ങാട്ടുപറമ്പ് യൂണിറ്റിൽ സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. പാപ്പിനിശ്ശേരി ഹെഡ് ഓഫീസിന് മുന്നിലെ 24 മണിക്കൂറും പ്രവർത്തിക്കുന്ന പെട്രോൾ പമ്പ്, കേരള സ്റ്റേറ്റ് കയർ

മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയുടെ സാങ്കേതിക സഹായത്തോടുകൂടി പഴയങ്ങാടി യൂണിറ്റിൽ 165 കോടി രൂപ ചെലവിൽ ഒരു ഹൈടെക് കയർ ഡീഫൈബറിംഗ് യൂണിറ്റ്, പഴയങ്ങാടിയിലും നീലേശ്വരത്തും സിമന്റ് ബ്രിക്ക് മാനുഫാക്ചറിംഗ് യൂണിറ്റുകൾ, പഴയങ്ങാടി, കണ്ണപുരം, നീലേശ്വരം എന്നിവിടങ്ങളിൽ മത്സ്യ കൃഷി, മാങ്ങാട്ടുപറമ്പിൽ പാഷൻ ഫ്രൂട്ട് കൃഷി എന്നീ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. ഇത് കൂടാതെ കമ്പനിയുടെ അടുത്ത പത്ത് വർഷക്കാലയളവിലെ പ്രവർത്തനം മുന്നിൽ കണ്ടുകൊണ്ട് വിപുലീകരണ വൈവിധ്യവത്കരണ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകളും തയ്യാറാക്കി വരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങൾ

104(3536) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്; വിശദമാക്കാമോ?

വ്യവസായ വകുപ്പിന് കീഴിലുള്ള ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വ്യവസായ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നൂതന സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി ഉൽപ്പാദന സംവിധാനങ്ങളുടെ കാലാനുസൃതമായ നവീകരണം, വിപുലീകരണം, വിപണന സാദ്ധ്യത എന്നിവ കണക്കിലെടുത്ത് ഉല്പാദന രംഗത്ത് വൈവിധ്യവത്ക്കരണം നടപ്പിലാക്കുക, നിലവിലെ വിപണി വിപുലീകരിക്കുക എന്നീ കാര്യങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിനായി ബഡ്ജറ്റിൽനിന്നും കൂടുതൽ ധനസഹായവും അനുവദിച്ചുവരുന്നു. പ്രവർത്തന മൂലധനത്തിന് പ്രയാസം നേരിടുന്ന സ്ഥാപനങ്ങൾക്ക് ധനസഹായവും സർക്കാർ നൽകുന്നുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിന്റെ ഭാഗമായി അടുത്ത പത്ത് വർഷത്തെ പ്രവർത്തനങ്ങൾ മുന്നിൽ കണ്ടുകൊണ്ടും

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly